# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3063 | 22.06.2012-ൽ മറുപടിയ്ക്ക്

## കോരുവിള ലാറ്റക്സ് ഫാക്ടറി

ചോദ്യം

ശ്രീ.ചിറ്റയം ഗോപകുമാർ:

മറുപടി

ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| | |
|---|---|
| എ) പ്ലാന്റേഷൻ കോർപ്പറേഷന്റെ കൊടുമൺ എസ്റ്റേറ്റിലെ കോരുവിളയിലുള്ള ലാറ്റക്സ് ഫാക്ടറിയിൽ അടിക്കടിയുണ്ടാകുന്ന സ്ഫോടനം തൊഴിലാളികളെയും മറ്റ് ഫാക്ടറി ജീവനക്കാരെയും ഭീതിയിലാക്കുന്നു എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) ഇക്കഴിഞ്ഞ അഞ്ചുമാസത്തിനിടെ ഈ ഫാക്ടറിയിൽ മൂന്നുതവണ പൊട്ടിത്തെറിയുണ്ടായതിൻമേൽ നിലവിൽ നടത്തിയിട്ടുള്ള അന്വേഷണത്തിന്റെ വിശദാംശം ലഭ്യമാക്കുമോ; | ബി) ലാറ്റക്സ് ഫാക്ടറിയിൽ മൂന്നു പ്രാവശ്യം, ഷിഫ്റ്റ് നടന്നുകൊണ്ടിരിക്കുന്ന സമയത്ത് ഉണ്ടായ പ്രവർത്തന വൈകല്യങ്ങൾ ഇപ്രകാരമാണ്. ആദ്യത്തെ പ്രാവശ്യം ഷിഫ്റ്റ് ആരംഭിച്ച ഉടൻ മെഷിനിൽ നിന്ന് അസാധാരണമായ ശബ്ദം ഉണ്ടായതിനെ തുടർന്ന് പ്രവർത്തനം നിർത്തി വെച്ച് പരിശോധന നടത്തിയതിനെ തുടർന്ന് ബൗൾ ഡിസ്കുകൾക്ക് കേടുപറ്റിയതായി ശ്രദ്ധയിൽപ്പെട്ടു. അതിനെതുടർന്ന് വേറെ ബൗൾ ഉറപ്പിച്ച് മെഷീൻ പ്രവർത്തിപ്പിച്ചു. ഏഴുവർഷമായി പ്രവർത്തിച്ചുകൊണ്ടിരുന്ന മെഷീൻ ആണ് ഇത്. |

| | |
|---|---|
| | ഏകദേശം രണ്ട് ആഴ്ചയ്ക്കുശേഷം മെഷീൻ പ്രവർത്തിച്ചുകൊണ്ടിരുന്നപ്പോൾ വലിയ ശബ്ദത്തോടുകൂടി മെഷീന്റെ പ്രവർത്തനം നിലച്ചു. തുടർന്ന് നടത്തിയ പരിശോധനയിൽ ബൗൾ അസംബ്ലിംഗിൽ വന്ന പിഴവാണ് കാരണമെന്ന് പ്രഥമദൃഷ്ടിയാൽ ബോദ്ധ്യപ്പെട്ടു. അതിനുശേഷം ഒരാഴ്ച കഴിഞ്ഞ് ഓവർ വോൾട്ടേജ് മൂലം മെഷീന്റെ പ്രവർത്തനം നിലച്ചു.<br>ഈ സംഭവത്തിന്റെ അടിസ്ഥാനത്തിൽ പ്രാഥമിക അന്വേഷണം നടത്തി കുറ്റക്കാരെന്നു കണ്ട ജീവനക്കാർക്കെതിരെ നടപടികൾ സ്വീകരിച്ചു. അതിനെതുടർന്ന് ഈ വിഷയത്തിൽ വിശദമായ അന്വേഷണത്തിന് ഉത്തരവാകുകയും ചെയ്തു. വിശദമായ അന്വേഷണം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. |
| സി) കേവലം ഒന്നരവർഷം മുൻപ് പ്രവർത്തനം ആരംഭിച്ച ഈ ഫാക്ടറിയിലെ ഒരു കോടിയോളം രൂപാ ചെലവഴിച്ച് നിർമ്മിച്ച ശുചീകരണ പ്ലാന്റിന്റെ പ്രവർത്തനം ഏതാണ്ട് നിലച്ചിട്ടുള്ളതിൻമേൽ എടുത്തിട്ടുള്ള നടപടിയുടെ വിവരം വ്യക്തമാക്കുമോ; | സി) ശുചീകരണ പ്ലാന്റ് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. |
| ഡി) ഈ ഫാക്ടറിയുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനായി അടിയന്തിര നടപടികൾ സ്വീകരിക്കുവാൻ തയ്യാറാകുമോ? | ഡി) പ്രവർത്തനക്ഷമത വർദ്ധിപ്പിക്കാൻ ത്വരിതഗതിയിൽ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു. |

സെക്ഷൻ ഓഫീസർ